# സെന്റ്.തോമസ്.എച്ച്.എസ്
# പുന്നക്കോട്



## വെളിച്ചം

ഒരു തിരി നാളമായ്
തെളിയണമെങ്കിൽ
ഇരുളെനിക്ക് വേണം കൂട്ടായി..




DIGITAL MAGAZINE 2023 - 2024

വെളിച്ചം

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഷിഹാബുദ്ദീൻ . എ<br>കൈറ്റ് മാസ്റ്റർ |
| എഡിറ്റർ | : | അഞ്ചു പി സൂസൻ<br>കൈറ്റ് മിസ്ട്രസ്സ് |
| സ്റ്റുഡൻറ് എഡിറ്റർ | : | അനുഗ്രഹ 9 B |

അംഗങ്ങൾ :

ഹരിണി 9B
ടിജോ ജോസ് 9B
ബിജിന 9B
എയ്ഞ്ചൽ റെജി 9B
അഫിൻ രാജീവ് 9A
രേഷ്മ ആർ 9A
അനഘ 9A
അനുഗ്രഹ സന്തോഷ് 9B
സൂര്യൻ എം 9A
അഭിനവ് സുനിൽ 9B

| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| മുഖമൊഴി | 4 |
| സന്ദേശം | 5 |
| ആസ്വാദനം പാത്തുമ്മയുടെ ആട് | 6 |
| കുറുമ്പൻ പൂച്ച | 7 |
| പ്രകൃതിയും മനുഷ്യനും | 8 |
| വായു മലിനീകരണം | 9 |
| പരിസ്ഥിതി മലിനീകരണം | 10 |
| വായനാദിനം | 12 |
| ഹരിതമോഹനം | 13 |
| ജി . ശങ്കരപിള്ള | 14 |
| ലഹരിയും യുവതലമുറയും | 15 |
| ഭൂമിയുടെ അവകാശികൾ | 16 |
| നീ | 17 |
| ജലസമൃദ്ധി | 18 |
| സ്വപനങ്ങളിലെ മാന്ത്രികലോകങ്ങൾ | 20 |
| Don't Give up | 22 |
| WATER POLLUTION | 23 |
| POLLUTION | 24 |
| للغة لعربية خصائصها | 25 |
| Drawing Section | 26 |
| Posters | 32 |

# മുഖമൊഴി

പുന്നക്കോട് സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ " **വെളിച്ചം** " എന്ന മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ചെറിയതും മനോഹരവുമായ രചനകളും ചിത്രങ്ങളും ഉൾപ്പെടുത്തി കുട്ടികളുടെ വ്യത്യസ്തമായ ഭാവനകളും ആശയങ്ങളും ഒത്തുചേർന്നപ്പോൾ നിലാവ് എന്ന മാഗസിൻ പൂർത്തിയാക്കാൻ സാധിച്ചു. ഇതിൽ തെറ്റുകളുണ്ടെങ്കിൽ വായനക്കാർ ക്ഷമിച്ച് തിരുത്തി വായിക്കുമെന്ന വിശ്വാസത്തോടെ ഞങ്ങൾ പ്രസിദ്ധീകരിക്കട്ടെ.

എഡിറ്റർ £ സ്റ്റുഡൻറ് എഡിറ്റർ

# സന്ദേശം

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്കൂൾതലത്തിൽ നടന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ കൂടി അറിയിക്കുന്നതിനുള്ള ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ശ്രമം പ്രോത്സാഹനനർഹമാണ്. പഠന പ്രവർത്തനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ പ്രസക്തി വർദ്ധിച്ച ഈ കാലഘട്ടത്തിൽ ഈ മേഖലയിൽ നൈപുണ്യം നേടിയ കുട്ടികളെ വാർത്തെടുക്കാനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടവും അഭിനന്ദനങ്ങള ർഹിക്കുന്നതാണ്. ലിറ്റിൽ കൈസിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന "**വെളിച്ചം** " മാഗസിന് എല്ലാവിധ ഭാവുകങ്ങളും  നേരുന്നു. വിദ്യാർത്ഥികളുടെ സർഗവാസന വളർത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഇതിനുവേണ്ടി പരിശ്രമിച്ച കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം
സ്മിത ടീച്ചർ
ഹെഡ്മിസ്ട്രസ്സ്

# ആസ്വാദനം
# പാത്തുമ്മയുടെ ആട്

മലയാള സാഹിത്യത്തിൽ രജനിയുടെ വൈഭവം തീർത്ത ബേപ്പൂർ സുൽത്താൻ എന്ന നാമത്തിലും സഭ അമ്പിളി എന്നീ തൂലിക നാമത്തിലും അറിയപ്പെടുന്ന ശ്രീ വൈക്കം മുഹമ്മദ് ബഷീറിൻറെ ഏറ്റവും പ്രസിദ്ധമായ ഒരു നോവലാണ് ആട്. 1959 ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്ന പേരും കൂടി ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു. ബഷീറിൻറെ ഉമ്മ സഹോദരങ്ങൾ അവരുടെ ഭാര്യമാർ കുട്ടികൾ തുടങ്ങിയവർ അടങ്ങുന്ന കൂട്ടുകുടുംബം ഒരു കൊച്ചു വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തൻറെ സവിശേഷമായ തനതു ശൈലിയിൽ വിവരിക്കുന്ന കഥയാണിത്. വീട്ടിലെ ഓരോ കുടുംബാംഗങ്ങൾ മുതൽ സഹോദരി വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ് . തന്നെ അലട്ടിയിരുന്ന മാനസികാസുഖത്തിന് ചികിത്സയക്കും വിശ്രമത്തിനുമായി വൈക്കത്തിനടുത്ത് തലയോല പറമ്പിലുള്ള കുടുംബവീട്ടിൽ 1954 ൽ ഇത് ബഷീർ എഴുതുന്നത്. നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ. കണ്ണീരിനെപൊട്ടിച്ചിരിയാക്കി മാറ്റുന്ന ഗ്രാമീണ ബിംബങ്ങളാണ് കഥയിലൂടെ നീളം വന്നുപോകുന്നത് . 1954 ഏപ്രിൽ 27ന് എഴുതിത്തീർത്ത് തിരുത്തുകയോ പകർത്തിയെഴുതി ഭംഗിയാക്കിയോ ചെയ്യാതെ എഴുതിയ പടിതന്നെയാണ് ഈ നോവൽപ്രസിദ്ധീകരണത്തിന് നൽകിയത്. പ്രണയമോ വില്ലന്മാരോ ഇല്ലാത്ത കഥയിലെ ആക്ഖ്യാതമായ ഞാൻ ദൃക്സാക്ഷി വിവരണം പോലെ കഥ പറഞ്ഞു പോകുന്ന ഈ കുടുംബകഥ സമൂഹത്തിന്റെ കൂടെ കഥയാകുന്നു . സമൂഹം നേരിടുന്ന ദുരിത ചിത്രങ്ങൾ മനുഷ്യേതര കഥാപാത്രങ്ങളുടെ അർത്ഥ വ്യാപ്തിയോടെ ബഷീർ രചിച്ചിരിക്കുന്നത് ശുദ്ധ സുന്ദരമായ ഭ്രാന്തിന് ഘോരമായ ചികിത്സ നടത്തുന്നതിനിടയിലാണ്.




സ്നേഹ . എം
10 B

# കുറുമ്പൻ പൂച്ച



കറുത്ത പൂച്ച കുറുമ്പൻ പൂച്ച
കണ്ടു നല്ലൊരു പെട്ടി ,
പെട്ടിക്കുളളിൽ കൈയിട്ടപ്പോൾ
പുട്ടും കടലേം കിട്ടി !
പൂചകുട്ടൻ പെട്ടിയിൽ നിന്നും ,
പുട്ടും കടലേം തട്ടി ,
പെട്ടിക്കാരൻ തന്നുടെ വയറോ
പട്ടിണികൊണ്ടങ്ങൊടി

മുഹമ്മദ് സഫീർ
8B

# പ്രകൃതിയുംമനുഷ്യനും



പ്രകൃതി എന്നാൽ ദൈവം നമുക്കായി കരുതിവെച്ച വരദാനമാണ് പ്രകൃതി. പ്രകൃതി മനുഷ്യനമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്നു. മനുഷ്യന് വേണ്ടതെല്ലാം പ്രകൃതിയിൽ നിന്ന് ലഭിച്ചു. മനുഷ്യർ പ്രകൃതിയെ ദൈവമായും അമ്മയായും കണ്ടാരാധിക്കുകയും ചെയ്തിരുന്നു. അവരുടെ മിതമായ ആവശ്യങ്ങൾ പ്രകൃതിയിൽ നിന്ന് നിറവേറ്റി എന്നാൽ പിന്നീട് മനുഷ്യർ സ്വാർത്ഥനാകാൻ തുടങ്ങി അതുമൂലം പ്രകൃതിയെ നശിപ്പിക്കാൻ ആരംഭിച്ചു.

മനുഷ്യർ എത്രത്തോളം ക്രൂരനായിരുന്നു എന്നതിന്റെ തെളിവാണ് നമ്മുടെ പുഴകളും വനങ്ങളും വയലുകളും നിരപ്പാക്കി വലിയ വലിയ കെട്ടിടങ്ങളൊക്കെ നിർമ്മിക്കുന്നത്. അവിടെ അവർ മനോഹരമായ പുഴകളും വയലുകളും നശിപ്പിക്കുകയാണ് ചെയ്യുന്നത് . അതുപോലെ പ്ലാസ്റ്റിക് വസ്തുക്കൾ വലിച്ചെറിഞ്ഞ് പൊതു സ്ഥലങ്ങൾ മലിനീകരണമാക്കുകയും പുഴകളിലും തോടുകളിലും പ്ലാസ്റ്റിക് നിറഞ്ഞ് നാശമാക്കുകയാണ്. പ്രകൃതി നമ്മുടെ വരദാനമാണ് .ആ വരദാനത്തെ യാണ് നാം ഓരോരുത്തരും നശിപ്പിക്കുന്നത്. ഇങ്ങനെയൊക്കെ ചെയ്യുന്നതുകൊണ്ട് നമ്മുക്ക് തന്നെയാണ് ആപത്ത് എന്ന് നാം ഓരോരുത്തരും അറിയേണ്ടിയിരിക്കുന്നു.

അനഘ
9A

# വായു മലിനീകരണം




ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതും ഫാക്ടറിയിൽ നിന്ന് വരുന്ന വാതകങ്ങൾ കാട്ടുതീ, കാർബൺ ഡയോക്സൈഡ് കൾ തുടങ്ങിയ വായു മലിനീകരണത്തിന്റെ കാരണങ്ങളാണ്. ഹരിതഗൃഹ പ്രഭാവവും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നു. കൂടാതെ ധ്രുവ പാളികൾ ഉരുകുകയും ഭൂരിഭാഗം അൾട്രാവയലറ്റ് രശ്മികൾ ഭൂമിയുടെ ഉപരിതലത്തിലേക്ക് പതിക്കുന്നു. ഇങ്ങനെ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിച്ചാൽ കാൻസർ പോലുള്ള മാരകമായ രോഗങ്ങൾ മനുഷ്യർക്ക് പിടിപെടും.

കൂടാതെ ജീവജാലങ്ങളുടെ വളർച്ച മുരടിച്ചു പോവുകയും കാലാവസ്ഥ മാറ്റവും സംഭവിക്കുകയും ചെയ്യുന്നു. വായുമലിനീകരണം കൂടിയാൽ ശ്വാസകോശ രോഗങ്ങളും സംഭവിക്കുന്നു. കൂടാതെ ഇത് ഹൃദ്രോഗത്തിന് ആസ്ത്മ ബ്രോങ്കൈറ്റീസ് മറ്റ് പല രോഗങ്ങൾക്കും കാരണമാകുന്നു. നമ്മൾ ഇതിനെ പ്രതിരോധിക്കേണ്ടത് മരങ്ങൾ വെച്ചുപിടിപ്പിക്കുക, വ്യവസായ ശാലകളിൽ നിന്നുള്ള വിഷവാതകം കുറയ്ക്കുക ഫോസിൽ ഇന്ധനം കുറയ്ക്കുകയ ചെയ്യുക . ഭൂമിയെ നമ്മൾ സംരക്ഷിക്കുക പക്ഷേ അത് ഭൂമിയെ നശിപ്പിച്ചുകൊണ്ടാവരുത് . അന്തരീക്ഷ മലിനീകരണം നിയന്ത്രിച്ച് പരിസര വൃത്തിയായി സൂക്ഷിക്കേണ്ടത് ഒരു സമൂഹമെന്ന നിലയിൽ നമുക്ക് ആവശ്യമാണ്.

അനന്തു
8 B

# പരിസ്ഥിതി മലിനീകരണം



മലിനീകരണം ഇന്നത്തെ ലോകത്ത് വളരെസാധാരണവും ഗൗരവമുള്ളതുമായ ഒരു പ്രശ്നമായി മാറിയിരിക്കുന്നു. അഗ്നിപർവ്വത സ്ഫോടനങ്ങൾ അന്തരീക്ഷത്തിലെ വിവിധ ഫോട്ടോ കെമിക്കൽ പ്രതിപ്രവർത്തനങ്ങൾക്ക് കാരണമാകുന്നു .കാട്ടുതീ തുടങ്ങിയ മനുഷ്യ പരിണാമത്തിന് വളരെ കാലം മുമ്പ് തന്നെ ഇത് വ്യത്യസ്ത രൂപങ്ങളിൽ ഉണ്ടായിരുന്നു. മലിനീകരണത്തിന്റെ വിവിധ ഉറവിടങ്ങൾ കാരണം ഇത് അനുദിനം ഉയർന്നതാണ് ഇപ്പോഴത്തെ ആശങ്ക. കൂടാതെ മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങളിൽ ഒന്ന് മനുഷ്യരും മനുഷ്യനിർമ്മിത യന്ത്രങ്ങളും ആണ് മലിനീകരണ സെപ്സിസ് എന്നത് പ്രകൃതിദത്ത പരിസ്ഥിതിയിൽ മലിനീകരണങ്ങളുടെസാന്നിധ്യമാണ് . അത് ദോഷവും നാശവും ഉണ്ടാക്കുകയും അത് പ്രതികൂലമായ മാറ്റങ്ങളിലേക്ക് നയിക്കുകയുംചെയ്യുന്നു.

പ്രധാനമായും നാലു തരത്തിലുള്ള മലിനീകരണം ഉണ്ട് വായു മലിനീകരണം ജലമലിനീകരണം മണ്ണ് മലിനീകരണം ശബ്ദമലിനീകരണം മലിനീകരണം മനുഷ്യജീവിതത്തിന്റെ ആരോഗ്യത്തെ കൂടുതൽ ബാധിക്കുന്നു വായു ജലം മണ്ണ് എന്നിവയിലെ വിവിധ മലിനീകരണം കാരണം ആളുകൾ പലതരം മാരകമായ രോഗങ്ങൾക്ക് ഇരയാകുന്നു നമ്മൾ മനുഷ്യർ ഭൂമിയിലേക്ക് വലിച്ചെറിയുന്ന മാലിന്യങ്ങളെ അല്ലെങ്കിൽ കാർഷിക ആവശ്യങ്ങൾക്കായി ഭൂമിയിൽ ഇടുന്ന രാസവളങ്ങൾ എന്നിവ മണ്ണ് മലിനീകരണത്തിന് കാരണമാകുന്നു ഇത്തരം ശീലങ്ങൾ മൂലം മണ്ണിൻറെ ഗുണനിലവാരം മോശമായാൽ മണ്ണ് ഫലപുഷ്ടമല്ലാതാകുന്നു.

ഭാവിയിൽ ഒരു വിളയും വളർത്താൻ കഴിയാതെ വരികയും ചെയ്യും. കാർബൺഡയോക്സൈഡ് അളവ് വർധിച്ചതോടെയാണ് അന്തരീക്ഷ

മലിനീകരണം ഉണ്ടായത് വായുവിനെ മലിനമാക്കുകയും മനുഷ്യർക്ക് ശ്വാസ തടസ്സം കൂടാതെ ത്വക്ക് രോഗങ്ങൾ ഉണ്ടാക്കുന്നമാലിന്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. വ്യാവസായിക വികസനം ദ്രുതഗതിയിലുള്ള നഗരവൽക്കരണം മറ്റു പല കാരണങ്ങൾ എന്നിവ കാരണം ജലസ്രോതസ്സുകൾ മലിനമാക്കുകയും കുടിക്കാനോ മറ്റെന്തെങ്കിലും ഉപയോഗത്തിന് അല്ലാതാവുകയും ചെയ്യുന്നു ചുരുക്കത്തിൽ എല്ലാത്തരം മലിനീകരണവും നമ്മുടെ പരിസ്ഥിതി മനുഷ്യ ജീവിതം മൃഗങ്ങൾ മുതലായവയിൽ വലിയ പ്രതികൂല സ്വാധീനം ചെലുത്തുന്നു നമ്മുടെ പരിസ്ഥിതിയെ നമുക്ക് ഓരോരുത്തർക്കും സംരക്ഷിക്കാം ഇതിനെല്ലാം നമുക്ക്ഓരോരുത്തർക്കുംകൈകോർക്കാം.

ജ്യോഷ്ന
8B

# വായനാദിനം



1996 മുതൽ കേരളാ സർക്കാർ ജൂൺ 19 വായന ദിനമായി ആചരിക്കുന്നു. ജൂൺ 19 മുതൽ 25 വരെയുള്ള ഒരാഴ്ച വായനാവാരമായും കേരളാ വിദ്യാഭ്യാസ വകുപ്പ് ആചരിക്കുന്നു. സ്കൂളുകളിൽ ഇ.റീഡിങ് പ്രചരിപ്പിയ്ക്കുവാനായി റീഡിങ് ക്ലബ്ബുകളും ഐ.ടി. ക്ലബ്ബുകളും ഇലക്ട്രോണിക് ക്ലബ്ബുകളും ആരംഭിയ്ക്കാൻ ഈ സമയംവിനിയോഗിയ്ക്കുന്നു.

## മലയാളിയെ വായിക്കാൻ പഠിപ്പിച്ച പണിക്കർ

മലയാളിയെ അക്ഷരത്തിന്റെയും വായനയുടെയും ലോകത്തേക്ക് കൈപിടിച്ചു ഉയർത്തുകയും, കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് അടിസ്ഥാനവുമിട്ട പി.എൻ.പണിക്കരുടെ ചരമ ദിനമായ ജൂൺ 19 ആണ് വായന ദിനമായി ആചരിക്കപ്പെടുന്നത് .

## പുതുവായിൽ നാരായണ പണിക്കരെപ്പറ്റി


ആലപ്പുഴ ജില്ലയിൽ ജനനം:1909 മാർച്ച് 1 മരണം: 1995 ജൂൺ 19 . അച്ഛൻ ഗോവിന്ദപ്പിള്ള , അമ്മ ജാനകിയമ്മ. കൂട്ടുകാർക്കൊപ്പം വീടുകൾ കയറി പുസ്തകങ്ങൾ ശേഖരിച്ച് ജന്മനാട്ടിൽ 'സനാതനധർമം' വായനശാല ആരംഭിച്ചാണ് അദ്ദേഹം ഗ്രന്ഥശാലാ പ്രസ്ഥാനംആരംഭിച്ചത്. കേരളത്തിലുടനീളം സഞ്ചരിച്ച് "വായിച്ചു വളരുക ചിന്തിച്ച് വിവെകം നെടുക" എന്ന് കുട്ടികളോട് ആഹ്വാനം ചെയ്തു. 1945 സെപ്റ്റംബറിൽ തിരുവിതാംകൂർ ഗ്രന്ഥശാല സമ്മേളനം സംഘടിപ്പിച്ചു.1947 ൽ ഗ്രന്ഥശാലാസംഘം രജിസ്റ്റർ ചെയ്തു. 1949 ജൂലയിൽ തിരു-കൊച്ചി ഗ്രന്ഥശാലസംഘം എന്നാക്കി. 1958 ൽ കേരള ഗ്രന്ഥശാലാസംഘം ഉണ്ടായി. ഗ്രന്ഥശാല ഇല്ലാത്ത ഒരു ഗ്രാമവും കേരളത്തിലുണ്ടാവരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി അദ്ദേഹം പ്രവർത്തിച്ചു.

## നിരക്ഷരതാനിർമാർജ്ജനം

നിരക്ഷരതാനിർമാർജ്ജനത്തിനായി 1977 ല് കേരള അനൌപചാരിക വിദ്യാഭാസ വികസന സമിതിക്ക് (KANFED: കാൻഫെഡ്:: Kerala Non formal Education) രൂപം നൽകി. 1970 നവംബർ -ഡിസംബർ മാസങ്ങളിൽ പാറശ്ശാല മുതൽ കാസർഗോട് വരെ പണിക്കരുടെ നേതൃത്വത്തിൽ കാൽനടയായി നടത്തിയ സാംസ്കാരിക ജാഥ കേരള ചരിത്രത്തിലെ പ്രധാന ഏടുകളിലോന്നാണ് . 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക ' എന്നതായിരുന്നു ജാഥയുടെ മുദ്രാവാക്യം. അദ്ദേഹത്തിൻറെ ഓർമയ്ക്ക് 2004 ജൂൺ 19ന അഞ്ചു രൂപയുടെ തപാൽ സ്റ്റാമ്പ് പുറത്തിറക്കി.


ആഫിയനൗഷാദ്
8B

## ജി . ശങ്കരപിള്ള



തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നാലുത്തട്ട് വിളവിൽ ഒറ്റവീട്ടിൽ വി. ഗോപാലപിള്ളയുടെയും മകനായി ജൂൺ ന് ജനച്ചു. കളിൽ മലായാള നാടകവേദിൽ പരിഷ്ക്കാരങ്ങൾക്കായി നിരവധി സെമിനാറുകളും ചാർട്ടുകളും സംഘടിപ്പിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ സ്ക്കൂൾ ഓഫ് ഡ്രാമ സംഘടിപ്പിച്ചു. ലെ പുതുവത്ധരദിനത്തിൽ അദ്ദേഹം അന്തരിച്ചു.

## പി.എൻ. പണികർ



ആലപ്പുഴ ജില്ലയിലെ നിലം പേരുരിൽ ഗോവിന്ദപിള്ളയുടെ ജാനകി അമ്മയുടെയും മകനായി 1909മാർച്ച് -1ന് പുതുവയിൽ നാരാണപണിക്കർ ജനിച്ചു. ഐൽ.പി.സ്ക്കൂൾ അദ്ധ്യപകനായിരുന്നു.

1926 -ൽ ജന്മനാട്ടിൽ സനാദനധർമ്മം എന്ന വയാനശാല സ്ഥാപിച്ചു. അദ്ദേഹത്തിൻ്റെ പ്രവർത്തനഫലമായി കേരള ഗ്രന്ഥശാല സംഘം സ്ഥാപിതമാകുന്നത്. ഗ്രന്ഥശാല പ്രസ്ഥാനത്തിൻ്റെ നായകൻ. കാഫെഡീൻ്റെ സ്ഥാപകൻ തുടങ്ങി ഒട്ടനവധി സംദാവനകൾ മലയാളത്തിന് നൽകി.1995 ജൂൺ 19ന് അന്തരിച്ചു.

## പി കേശവദേവ് (1904 – 1983)



തൊഴിലാളി വർഗത്തിൻ്റെ നൊമ്പരങ്ങളുടെ കഥ പറഞ്ഞ കഥാകാരൻ സമകാലിക സാമൂഹ്യയാഥാർത്ഥ്യങ്ങൾ ചിത്രീകരിക്കുന്നവയായിരുന്നു കൃതികൾ. കേന്ദ്രസാഹിത്യ അക്കാദമി അവാർഡും മറ്റനേകം അവാർഡുകളുംലഭിച്ചിടുണ്ട്.

സ്നേഹ
10 B

## ഹരിതമോഹനം

ഈ ഭൂമിയിൽ സംബന്ധിച്ച് ചില ആലോചനകളിലാണ്ടുകിടക്കുകയായിരുന്നു ഞാൻ. ഇന്ത്യക്കാരും ബ്രിട്ടിഷുക്കാരും അകിലൊരിടത്തുമുണ്ടായിരുന്നില്ല; ഭൗമോപരികലത്തിലെ മഹാജീവജാലങ്ങൾ മാത്രം. കാനനനിഗൂഢതകൾ ഒരു ചലച്ചിത്രത്തിലെന്നതുപോലെ എൻ്റെ മുന്നിൽ വന്നു മറയുകയായിരുന്നു യഥേഷ്ടം. മനസ്സിൽ ഗ്രാഫിക്സ് ഉപയോഗിച്ചുള്ള സ്വപ്നസദൃശമായ ദൃശ്യങ്ങൾ.

## ഓണം അന്നും ഇന്നും

കർക്കടമാസത്തിലെ തിരുവോണത്തിൻ്റെ പേര് 'പിള്ളേരോണം' എന്നായിരുന്നു. പൊന്നുംചിങ്ങമാസത്തിലെ തിരുവോണത്തിനു സൂക്ഷം 28 ദിവസം മുൻപാണത്. അതൊരു ചെറിയ ഓണമായിരുന്നു. പത്തെൺപതു കൊല്ലം മുൻപ് പിള്ളരും വലുനരും പിള്ളേരോണം കഴിഞ്ഞു ദിവസങ്ങൾ എണ്ണിനീക്കുമായിരുന്നു. ഇനിയും 20ദിവസം , 19 ദിവസം , ഇനിയും 18 ദിവസം എന്നിങ്ങൾ ഓണത്തിലെത്താൽ ദിവസങ്ങളെണ്ണുക. എല്ലാവർക്കും ഒരോ കഴിയുംതോറും വെപ്രളം കൂടിവരുകയായിരുന്നു. ഓണത്തിന് ഇനിയും 15 ദിവസമേയുള്ളൂ. എന്തെല്ലം എടുക്കാൻ കിടക്കുന്നു. ഗൃഹനാഥൻ്റെ പരിഭ്രമമാണ്.

ഫാത്തിമ C B
10 B

# ലഹരിയും യുവതലമുറയും





ഇന്നത്തെ യുവതലമുറയെ വഴിതെറ്റിക്കുന്ന വളരെ അപകടകരമായ ഒരു ദുശീലമാണ് മയക്കു മരുന്നുകളുടെ ഉപയോഗം. ഒന്നോ രണ്ടോ പ്രാവശ്യം ഉപയോഗിക്കുമ്പോൾ തന്നെ നമ്മൾ അതിന് അടിമപ്പെടുന്നു. എന്നതാണ് ഇതിന്റെ പ്രത്യേകത. സ്കൂളുകളെയും കോളേജുകളെയും ലക്ഷ്യം വച്ച് ഒരു ലഹരി മാഫിയ തന്നെ ഇന്ന് പ്രവർത്തിക്കുന്നു. മിഠായിയുടെയും കേക്കിന്റെയും എന്നുവേണ്ട ഏതു രൂപത്തിലും ഇത് ലഭിക്കുന്നു.

ആദ്യം സൗജന്യമായി കൊടുത്ത് പിന്നീട് പൂർണമായും ഇതിനടിമപ്പെടുത്തുന്ന പ്രവണതയും ഇന്ന് കണ്ടുവരുന്നു. മയക്കുമരുന്നുകളുടെ ഉപയോഗം മൂലം യുവതലമുറയുടെ ഒരു വലിയ വിഭാഗം തന്നെ നശിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിയും വിവേവും നഷ്ടപ്പെട്ട് സ്വയം നശിച്ചും ചുറ്റുപാടും നശിപ്പിച്ചും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കേവലം പണം ഉണ്ടാക്കാൻ വേണ്ടി കൊച്ചുകുട്ടികളെ പോലും ഇത്തരക്കാർ അവരുടെ വലയിൽ അകപ്പെടുത്തുന്നു. കുട്ടികളോട് എനിക്ക് പറയാനുള്ളത് പുറത്തുള്ളവർ എന്തുതന്നെ തന്നാലും അത് വാങ്ങിക്കരുത്. ചീത്തക്കുട്ടികളിൽ ചെന്ന് പെടാതിരിക്കുക. എല്ലാ കാര്യങ്ങളും മാതാപിതാക്കളോട് തുറന്നു പറയുക. " ഒരു ലഹരി മുക്ത ലോകത്തിനു വേണ്ടി നമുക്കേവർക്കും ഉണർന്ന് പ്രവർത്തിക്കാം "

ഷഫ്ന എസ്
8B

# ഭൂമിയുടെ അവകാശികൾ




വെറുതെ ചാരുകസേരയിൽ മലർന്നു കിടക്കുന്ന കഥാകാരൻ അല്ല, മണ്ണിനേയും സകല ജീവജാലങ്ങളെയും അടുത്തറിയുന്ന സാധാരണ മനുഷ്യനായാണ് ബഷീർ മറ്റു രചനകളിൽ എന്നപോലെ ഇവിടെയും പ്രത്യക്ഷപ്പെടുന്നത്. പ്രപഞ്ച രഹസ്യങ്ങളിലേക്കും ഭീകരതയിലേക്കും ഇടയ്ക്ക് ഉയർന്നു പോകുന്ന അദ്ദേഹത്തിൻറെ ചിന്തകൾ ഉള്ള മനുഷ്യന്റെ അടിസ്ഥാന വാസനയിൽ വ്യസനിക്കുന്നു .

സൈലൻറ് വാലി മഴക്കാടുകൾ നശിപ്പിക്കുന്നതിനെതിരെ നടക്കുന്ന കാലത്താണ് പ്രകൃതിയുടെയും ജീവജാല വൈവിധ്യത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്ന ഇത്തരമൊരു കഥ ബഷീർ ആണ് എഴുതുന്നത് വിശേഷത കൂടി ഭൂമിയുടെ അവകാശികൾക്കുണ്ട്. മറ്റൊന്നിനെ നശിപ്പിക്കാതെ മനുഷ്യന് ജീവിക്കാൻ വല്ലവഴിയുണ്ടോ എന്നന്വേഷിക്കാൻ അദ്ദേഹം തന്റെ കഥയിലൂടെ ആവശ്യപ്പെടുന്നു പൊന്നും വിലയും കൃത്യമായ നികുതികളും കൊടുത്ത് രണ്ട് ഏക്കർ സ്ഥലം സ്വന്തമാക്കി ചുറ്റും വേലികെട്ടി ഭൂഗോളത്തിലെ ഈ രണ്ട് ഏക്കർ സ്ഥലത്തിന് ക്ഷീരപഥത്തിലോ സൗരയൂഥത്തിലോ അണ്ഡകടാഹത്തിലോപ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളിലോ മറ്റാർക്കും യാതൊരു അവകാശവും ഇല്ല എന്ന അഭിമാനത്തിലങ്ങനെ ഇരിക്കുമ്പോഴുള്ള സാഹചര്യങ്ങൾക്കിടയിൽ ചിത്രശലഭങ്ങളും പക്ഷികളും പ്രത്യക്ഷപ്പെടുന്നത് പിന്നീടങ്ങോട്ട് നിരവധി ജീവജാലങ്ങളാണ് കഥാകൃത്തിന്റെ മുമ്പിൽ വന്നു പോകുന്നത് അവയെല്ലാം തങ്ങൾക്ക് ഈ ഭൂമിയിലുള്ള അവകാശംഅദ്ദേഹത്തെഓർമ്മപ്പെടുത്തുകയാണ്.

കഷ്ടം കഷ്ടമായി മനുഷ്യർ വാങ്ങിയിരിക്കുന്നു അപ്പോൾ പക്ഷിമൃഗാദികൾ എവിടെ പോകും എന്ന് അദ്ദേഹം ചിന്തിക്കുന്നു . .പത്തി വിടർത്തി ചീറ്റാൻ നിൽക്കുന്ന പാമ്പിനോടും ഇതേ ഭാവത്തിൽ പെരുമാറാൻ അദ്ദേഹത്തിന് കഴിയുന്നുണ്ട് പാമ്പ് ഭൂമിയുടെ അവകാശികളിൽ ഒരാളാണ് ഇവിടെ സഹവർത്തിത്വം ആണ് ആവശ്യം എന്ന സത്യം ഇവിടെ അംഗീകരിക്കപ്പെടുന്നില്ലേ.

നാം പാമ്പിനെ കൊല്ലാറുണ്ട് എന്നാൽ എന്തിനെയെങ്കിലുംജീവിപ്പിക്കാൻ നമ്മുക്കാവുമോ? എന്ന് ബഷീർ ഉച്ചസ്വരത്തിൽ ചോദിക്കുന്നു . ഒന്നിനെയും കൊല്ലാതെ ജീവിക്കണം ഹിംസ അരുത് എന്ന കാഴ്ചപ്പാടുള്ള പ്രകൃതിയെ അതിയായ സ്നേഹിക്കുന്ന ഭൂമിയുടെ അവകാശികളെ സംരക്ഷിക്കുക എന്ന സന്ദേശംപകരുന്നവ്യക്തിയാണ്ബഷീർ.

സ്നേഹ
10 B

# നീ




ജീവനാണ് നീ

ജീവിതം എടുത്തതും നീ

സന്തോഷം നൽകുന്നതും നീ

സങ്കടം തരുന്നതും നീ

പ്രാണനും നീ പ്രാണശ്വാസവും നീ

പ്രണയവും നീ

പ്രണയ പുഷ്പവും നീ

എന്നിലെ പ്രണയ ശ്വാസവും നീ

എന്നിലെ പ്രണയ നിശ്വാസവും നീ

ഞാനെന്ന ജീവന്റെ പകുതിയും നീ

ഞാനെന്ന പുഷ്പത്തിന്റെ

തേൻ തുളുമ്പുന്ന

നിറകുടം ആകുന്നു നീ

രേഷ്മ ആർ
9 A

# ജലസമൃദ്ധി



ജലമാണ് ജീവൻ ജീവന്റെ

ജലം എന്റെ അമ്മയാണമൃതമാണ്

ജലമാണ് പ്രാണന്റെ പ്രാണനാം വായുവേ

പ്രകൃതിക്ക് നൽകുന്ന ജീവധാര

ജലമാണ് ജീവൻ ജീവന്റെ

ജീവൻ ജലമന്റെ അമ്മയാണമൃതമാണ്

ജലമാണ് പ്രാണന്റെ പ്രാണനാം വായുവേ

പ്രകൃതിക്ക് നൽകുന്ന ജീവധാര

ജലമാണ് പൂവായി മണമായി

മണ്ണിനെ പുളകമണിയിക്കുന്ന പുണ്യധാരാ

ജലമാണ് പുഴയായി പുളിനതീരങ്ങളെ

പുഷ്പിന്നികളാക്കുന്ന രതിഭാവന

ജലമാണ് നദിയായി കരകൾക്ക് കുളിരായി

നിലാവായി നമ്മളെ പോറ്റുമമ്മ

ജലമാണ് ജീവനു ബുദ്ധിയും ശക്തിയും

സുലഭമായി നൽകുന്ന ബോധധാര

പ്രപഞ്ചസത്യംജലമാണ്  ചലനത്തിനാധാര

ചാരുത പരമാണു പൊരുളാം

പ്രപഞ്ചസത്യം ജലമാണ് ചലനത്തിനാധാര

ചാരുത പരമാണ് പൊരുളാം

ജലമാണ് ജീവൻ ജീവന്റെ

ജീവൻ ജലം എന്റെ അമ്മയാണമൃതമാണ്

ജലമാണ് പ്രാണന്റെ പ്രാണനാം വായുവേ

പ്രകൃതിക്ക് നൽകുന്ന ജീവധാര

കോരി കുടിക്കുമ്പോൾ അമ്മയാകും

പിന്നേ കോരി കുളിക്കുമ്പോൾ അച്ഛനാകും

നീന്തിത്തുടിക്കവേ കൂട്ടുകാരി

പിന്നെ നിളെ  പൊരുതുന്ന പാട്ടുകാരി

കോരി കുടിക്കുമ്പോൾ അമ്മയാകും

പിന്നെ കോരി കുളിക്കുമ്പോൾ അച്ഛനാകും

നീന്തിത്തുടിക്കവേ കൂട്ടുകാരി പിന്നെ

നിള പൊരുതുന്ന പാട്ടുകാരി

ജലമാണ് ജീവൻ ജീവന്റെ

ജീവൻ ജലം എന്റെ അമ്മയാണമൃതമാണ്

ജലമാണ് പ്രാണന്റെ പ്രാണനാം വായുവേ

പ്രകൃതിക്ക് നൽകുന്ന ജീവധാര

ജലസമർദ്ധിക്കായി കൈകോർക്കുക

നമ്മൾ ജീവനെ ജലമെന്ന പൊരുളറിയുക

ജലമാണ് സത്യവും സൗന്ദര്യവും പിന്നെ

ജല ഹരിത സുരഭില സമൃദ്ധമാം പ്രകൃതി

ജലമച്ചനമ്മ സതീർഥ്യൻ സഹോദരൻ

ജലസമൃദ്ധി ...... :

ജലസമൃദ്ധി ........

ഹൃദയത്തുടിപ്പിന്റെ

ചലന ശുദ്ധി നമ്മൾ

ഹൃദയത്തിലേറ്റ പ്രണയ മന്ത്രം

ജലസമൃദ്ധി ......

ജലസമൃദ്ധി ......

ഹരിണി

9B

# സ്വപനങ്ങളിലെ മാന്ത്രിക ലോകങ്ങൾ

ഒരു ഇരുണ്ട കാട്.... ഒരു പെൺകുട്ടി ആ കാടിലൂടെ ഭയന്ന് ഒടുകയാണ്.... എന്തിനെയോ കണ്ട് ഭയന്നത് പോലെയാണ് അവൾ ഓടുന്നത്. എന്തോ ഒന്ന് അവളെ പിൻതുടരുന്നുമുണ്ട്. അവൾ വിറച്ച് വിറച്ച് വളരെ കഷ്ട്ടപ്പെട്ടാണ് ഓടുന്നത്. പൊടുന്നനെ അവൾ അവിടെയുള്ള ഒരു മരത്തിൻ്റെ വളർന്ന് പന്തലിച്ചുകിടക്കുന്ന വലിയ വേരുകളിൽ കാല് തട്ടി അവിടെ വീഴുകയാണ്. ആ ജീവിയും അവളുടെ ദേഹത്തേക്ക് ചാടി വിഴുകയാണ്.... പെട്ടെന്ന് അവൾ തൻ്റെ സ്വപ്നത്തിൽനിന്നുംഞെട്ടിഎഴുനേൽക്കുകയാണ്. ഒരു നിമിശത്തേക്ക് അവൾ ആ കാട്ടിലിൽ തന്നെ ഇരുന്നു. അവൾ കണ്ട ആ സ്വപ്നം അത് ശരിക്കും അവൾ അത് അത്ര കാര്യമായി എടുത്തില്ല . സ്വപ്നമല്ലെ അതിനെന്തിനാ ഇത്ര പ്രാധാന്യം കൊടുക്കുന്നേ എന്നാണ് അവൾ ചിന്തിച്ചത് . അവൾ ഒറ്റയ്ക്ക് ഒരു ലോട്ജിലാണ് താമസിക്കുന്നത് . അവളുടെ ആലൈഫ് അവൾക്ക് വളരെ അധിക്കം സമ്മർദമാണ് നൽക്കുന്നത്.

അവൾ രാവിലെ തന്നെ ഓഫിസിലേക്ക് പോകാൻ വേണ്ടി റെടി ആയി... അങ്ങനെ അവൾ ഓഫീസിലേക്ക് യാത്രയായി... അവളുടെ ജോലി രാത്രിയോളം നീണ്ട് നിൽക്കുന്നതായികുന്നു . അതിനാൽ തന്നെ രാത്രി വൈകിയാണ് അവൾ വീട്ടിൽ എത്തുന്നത്. ചെന്ന ഉടനെ തന്നെ അവൾ കിടന്ന് ഉറങ്ങി.ക്ഷിണിച്ചതായിരുന്നു.അത് കൊണ്ട് തന്നെ അവൾ പെട്ടന്ന് തന്നെ ഉറങ്ങി . അവൾ വിണ്ടും സ്വപ്നം കാണാൻ തുടങ്ങി . അവൾ ഒരു സ്ക്കുളിൽ പഠിക്കുവാണ് . അവിടെ കുറച്ച് കുട്ടികൾ മാത്രമേ ഉള്ളൂ അവൾ ധരിച്ചിരുന്ന യൂണിഫോം ട്രെടീഷ്ണലും , എസ്തെറ്റിക്കും ആയിട്ടുള്ളതായിരുന്നു . അവർ അവിടെനിന്നും ഒരു യാത്ര പോകാനുള്ള തയ്യാറെടുപ്പ് ആണ്... അവർ അങ്ങനെ യാത്ര തിരിച്ചു . അത് ശരികും കാണാൻ വളരെ ഭംഗി ഏറിയ

ഒരു യാത്ര പോകാനുള്ള തയ്യാറെടുപ്പ് ആണ്.... അവർ അങ്ങനെ യാത്ര തിരിച്ചു . അത് ശരിക്കും പറഞ്ഞാൽ ഒരു മാന്ത്രിക ലോകം തന്നെ ആ സ്ക്കുൾ കാണാനും എതാണ്ടെക്കെഅങ്ങനെതന്നെയായിരുന്നു . അവൾവളരെആകംശയോടെ തന്നെ അവിടെയെല്ലാംചുറ്റിക്കറങ്ങി . അവളുടെ രണ്ട് ആത്മാർത്ത സുഹൃത്ത്ക്കളും കുടെ ഉണ്ടായിരുന്നു . കുറച്ച് നേരം വലിയ കുഴപ്പങ്ങളൊന്നും ഇല്ലായിരുന്നു . പക്ഷെ പിന്നീട് അവർ ഒരു പഴയെ വീടിൻ്റെ മുന്നിൽ എത്തി . അവിടെ അവളും അവളുടെഒരു സുഹൃത്തും മാത്രമേ ഉണ്ടായിരുന്നുള്ളൂ .

അവർക്കറിയില്ലായിരുന്നു . ആ വീടിന് പിന്നിലെ അപകടം അതറിയാതെ അവൾ രണ്ട് പേരും ആ വീട്ടിലേക്ക് പ്രവേശിച്ചു . അത് ഉപേക്ഷിക്കപെട്ട രീതിയിലായിരുന്നു ഉണ്ടായിരുന്നത് . ആ വീട് കാണാനും വളരെ വ്യത്യാസം ഉണ്ടായിരുന്നു . അവൾ ആ വീട്ടിലേക്ക് പ്രവേശിച്ചതിനുശേഷം ആ വീട് കാണാൻ തന്നെ വളരെ മനോഹരമായിരുന്നു . അവർ അങ്ങനെ ആ വീട് മൊത്തോം ചുറ്റിക്കറങ്ങി .

പക്ഷെ അവർ പോലും അറിയാതെ ഒരു ശക്തി അവരെ അവിടെ കണ്ടു . പിടിച്ചുനിർത്താൻ ശ്രമിക്കുന്നത് പോലെ അവർക്ക് തോന്നി പക്ഷേ അവർ അവിടെനിന്നും രക്ഷപ്പെട്ടു. എന്നാൽ അവളുടെ കൂട്ടുകാരി അവിടെ കുടുങ്ങിപോവുകയുണ്ടായി. ആ ശക്തി അവളുടെ കൂട്ടുകാരിയിലൂടെ രൂപത്തിൽ അവളെ അവിടെ പിടിച്ചു നിർത്താൻ വേണ്ടി ശ്രമിച്ചു. പെട്ടെന്ന് അവൾ കണ്ണ് തുറന്നു. ഇത് പിന്നീട് അവളുടെ ജീവിതത്തിൽ സ്ഥിരമായി ഇങ്ങനെയുള്ള പലതരം മായാസ്വപ്നങ്ങൾ അവൾക്കുണ്ടാകാൻ തുടങ്ങി. അവൾക്ക് പെട്ടെന്ന് ഒരു ബുദ്ധി തോന്നി . അവൾ കാണുന്ന ഈ ഫാന്റസി സ്വപ്നങ്ങൾ അവൾ ഫാന്റസി കഥകൾ ആക്കാൻ തുടങ്ങി .അത് പിന്നീട് അങ്ങോട്ട് അധികം പ്രശസ്തവും തുടങ്ങി അവളുടെ സമ്മർദ്ദപൂരിതമായ ജോലിയും ദുരിതം പിടിച്ച ജീവിതവും എല്ലാം അവളെ വിട്ടു പോയി അവളിപ്പോൾ സന്തോഷവതിയാണ്. അവൾ ദിവസവും ഇതുപോലുള്ള സ്വപ്നങ്ങൾ കാണാറുണ്ട് അങ്ങനെ പിന്നീട് അവൾ അവളുടെ ക്രിയേറ്റീവ് മൈൻഡ് ഉപയോഗിച്ച് അവൾ സ്വപ്നങ്ങളിലല്ലാതെ അവൾ സ്വയം അതുപോലുള്ള കഥകൾ സൃഷ്ടിക്കാൻ തുടങ്ങി അങ്ങനെ അവൾ സന്തോഷപൂരിതമായ ജീവിതം തുടങ്ങി.

അവൾ ലോകം അറിയുന്ന ഒരു ഫെറിറ്റെയിൻ സ്റ്റോറി റൈറ്ററായിമാറി. അവളുടെ ബുക്കുകളിലെ കഥകൾ സിനിമകളായി നിർമ്മിച്ചിറക്കി . പ്രേക്ഷകർക്ക് അവളുടെ കഥകൾ വളരെയധികം കാര്യമായിരുന്നു .അവളുടെ ഓരോ കഥകളും അവളുടെ ശരിക്കുമുള്ള അനുഭവങ്ങൾ പോലെയായിരുന്നു. അവളുടെ ഇമാജിനേഷൻ കഴിവിനെ എല്ലാവരും പുകഴ്ത്തിപ്പാടി. അവളുടെ ജീവിതാവസാനം വരെ അവളുടെ എഴുത്ത് തുടർന്നു . അവളെ മരണശേഷവും എല്ലാവരും ഓർക്കാൻ തുടങ്ങി.

ഫാത്തിമ ഹസ്ന
10 B

# Don't Give up....

A long time ago ,there was a boy named "REDNEY" in a village . He was very happy with his family .But his happiness would not last for long Redney and his fellow villagers faced a severe drought. They desperately waited for rain but with no luck. All the crops, land and even trees dried up.The cattle start drying . As there was no rain the stream was drying up slowly .

One night,during a meet with the villagers , redney said,

"friend ,we all have heard tales from our grand parents about an underground river flowing through our village.why don't we dig and see!" The villagers agree and start digging . They dug for some days but gave up soon . However , Redney kept on digging . When people told him to give up, he said, "God is helping and guiding my way." . One day , when he had dug deep enough, Redney saw water .... His attitude of not giving up saved the whole village . "Never give up so, water .And whenever any problem arises, all the villagers gather together and find a solution....

**Afiya Noushad**
10 B

# WATER POLLUTION



Water pollution is the contamination of water . No living being can pass a moment without water .Hence water is an essential elementof nature ,But pollution water is very harmful as it causes  death threatening diseases like diarrbera, cholera, jaundice ete. It be polluted in many ways man pollutes water by throwing waste materials into it . Using chemical tertilaiter and and inseaticides farmers pollute water . Rain and river. Canals and ponds and thus water is polluted poisonous chemicals are used in mill and tacteries Thowing their waste produst into river and canals they polluted water. Stermers,boats and brunches throw all ,food and human waste into the water of river and canals.

It this way,a large quantity of human of this pollution ,fish cannot survive people also become ill by drinking and bathing in the polluted. Water by checking the dumping of factor waste , water pollution can be minimized . We can also purify it by boiling on purificated tablets, we must trying prevent water pollution.

Jisa john

9B

# POLLUTION

Good Morning everyone ,

Respected Teacher's ,and all my dear Friends.

We all knows that one of the most important issue that we all are facing today is pollution so today I like to speak a few word on pollution .As i say pollution is becoming one of the biggest challenge that we are facing today.Usually we all be come other for pollution , but before that let us analysis ourseves.without any doubt , I can tell that the only one who are responsible for this is we humans. In one side our world had developed a lot in every means. But at the same time while we are running behind the development and luxurious life, we are exploinig our nature .

Each an every day, there is an immense increses in the number of factories and industries the harmful substanse and effectants released in to the atomsphere have made an impact in contaminating the environment our whole world is getting contaminates in each moment, whether it is air water , soil or what ever it is themain reasons for the contanination of air is the harmful gases that are released by the vechicles and factories. It results in a lot of respiratory diseases such as asthma ,bronchits etc.

In the same way our water bodies and soil are also getting pollution. By the use of chemical substances such as fertilizer's from the agricultural field or the poisonous industrial waste sewage water , pesticides,industrial chemicals ete.As a community it is our sole responsibility to fight aganist pollution for that we should try use eco-friendly things insteat of using non bio-degradable substances. Polluton of any kind cannot be eliminatied completey .but we can cantrol it. Pollution only gives us an negative impact.so we as human there is a lot for us to do with it so we should take important steps for a better future and for our coming generations so, let us together take an other that we will save our environment and we will fight against pollution.

ANUGRAHA RAJEEV
8B

# اللغة العربية



تُعَدُّ اللغة العربية من أكثر لغات العالم انتشاراً؛ فهي تعد من بين أشهر ستّ لغات في العالم، وذلك حسب تصنيف الأمم المتحدة، كما اشتهرت اللغة العربية كتابةً، ومحادثةً على نطاق واسع، وقد تمّ المحافظة على اللغة العربية من عدّة أماكن، منها جامعة الدول العربية من خلال حوسبة مادّة اللغة العربية، الى جانب نشر برامجَ عربيةٍ مواكبةٍ للعصر الحديث، من حيث استيعاب مهارات اللغة التي تشمل الكتابة، والقراءة، والمحادثة، والاستماع

## خصائص اللغة العربية

تتميز اللغة العربية بالعديد من السمات والمزايا التي تتفرد بها عن غيرها من باقي لغات العالم، ومن أبرز تلك الخصائص نذكر ما يلي

الفصاحة: والمقصود بالفصاحة (لغةً) هو خلو الشيء من العيوب، وقد خلت اللغة العربية من (التنافر بين الكلمات، ضعف التأليف اللفظي، التعقيد اللفظي، التعقيد المعنوي). الترادف: وهو وجود العديد من الكلمات التي تعطي دلالةً واحدة دون إعطاء تمام في المعنى وإنما عمومية في المعنى مما يكسب المفردة الواحدة تميزاً في الاستخدام عن مجموعتها مما ينعكس على مدى بلاغة اللغة العربية

دلالة الأصوات على المعاني: تتميز الكلمة العربية بأنّه لمجرد سماعها يُفهم معناها ودلالتها.

الواسع من المفردات: لو أمعنا النظر في معاجم وقواميس اللغات فلن نجد معجماً متسعاً بالمفردات كالمعجم العربي وكل ذلك بشهادة المستشرقين، فلا يمكن لأحد أن يعطي إحصاءاً عددياً لمفردات اللغة العربية. علم العَروض: العَروض هو العِلم المُختص بالشِعر وأوزانه. التخفيف: فمن ناحية البُنية للكلمة نجد أنّ للكلمة العربية أصولاً (جذور) ثلاثة ابتداءاً من الثلاثية التي يقل وجودها في اللغات الأخرى والرباعية والخماسية. الإيجاز: وهي من أحد مزايا اللغة العربية عن باقي لغات العالم. الإعراب: حيث تبلغ أهمية الإعراب في إعطاء الدلالات على المعاني

SHEFNA


8B


# DRAWING SECTION





ഓരോ തുള്ളിയും അമൂല്യമാണ്, അത് സംരക്ഷിക്കുക.


SAVE
WATER



ضِدَّ المُخَدِّرَاتْ
تَارِيخ : نُوفِمْبَرْ ٩
اِفْتِتَاحْ : وَزِيرُ التَّعْلِيمْ
يَا الله
مَرْحَبًا بِكُمْ



"Life cannot exist without water and hence we should work hard to save the water to save the life"
Water is essential for all the needs of our life.
Save water for our Bright future.


ജലം
അമൂല്യമാണ്
അത്
പാഴാക്കരുത്


Save Water!
Don't let water
run in the sink
Our life is on the




Water Pollution


ضد المخدرات
قولوا لا للمخدرات
ندوة دراسية
شاركوا... تعاونوا...
حافظ على صحة النفس وصحة الآخرين


Save
water...





# ഹരിത സേന


Posters


സെന്റ് തോമസ് ഹൈസ്കൂൾ പുന്നക്കോട്
പരീക്ഷപ്പേടിയെ
ആത്മവിശ്വാസത്തോടെ നേരിടാം
അഞ്ജന. സിജു
കൗൺസിലിംഗ്
സൈക്കോളജിസ്റ്റ്
പോലീസ് കൗൺ
സിലർ(ഡികാപ്)
കൊല്ലം റൂറൽ
16/01/24
ചൊവ്വാഴ്ച
2PM

# സെൻ്റ്. തോമസ് എച്ച് .എസ് പുന്നക്കോട്

## അമ്മമാരോടൊപ്പം




**കമ്പ്യൂട്ടർ പരിശീലനം**

01/01/24

തിങ്കളാഴ്ച

2 PM

@Little Kites

